(g) is there any disqualification for him;

(h) what is his academic qualification; and

(i) was his name recommended by the Public Service Commission ?

Answer.

Home Minister (SHRI A. J. JOHN) :

(a) 14.

(b) 1.

(c) M. Thiraviam Nadar, B. A & B. L.

(d) The candidate was not found suitable for the post.

(e) Yes.

(f) Vide answer to (d) above.

(g) Vide answer to (d) above.

(h) B. A and B. L.

(i) No.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളും റേഡിയോ സെറ്റുകളും.

* 118 [78] ശ്രീ. പി. നാരായണൻപോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേറ്റിലെ എത്ര പഞ്ചായത്തുകൾക്കു് ഗവണ്മെൻറിൽ നിന്നും റേഡിയോ സെറ്റുകൾ നൽകിയിട്ടുണ്ടു്;

(ബി) അവയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ വിദഗ്ദ്ധന്മാരാരെങ്കിലും നിയുക്തരായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : (എ) 201 പഞ്ചായത്തുകൾക്കു് റേഡിയോസെറ്റുകൾ നൽകിയിട്ടുണ്ടു്.

(ബി) & (സി) ഇവയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ ഒരു റേഡിയോ സൂപ്പർവൈസറെ നിയമിച്ചിട്ടുണ്ടു്.

പഞ്ചായത്തു് അതിർത്തികളിലുള്ള റോഡുകൾ.

* 119. [82] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു് അതിർത്തികളിൽ പി. ഡബ്ലിയു. ഡി. വകയ്മെയിൻറനൻസു് നടത്താത്തുള്ള റോഡുകൾ അതാതു പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറിൽനിന്നു എതെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;